പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.375 — 28.11.2018 ൽ മറുപടിയ്ക്ക്

## അവശ്യ സാധനങ്ങളുടെ വിലവർധന

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | | | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അവശ്യ സാധനങ്ങളുടെ വിലവർധന നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യഭക്ഷ്യവസ്തുക്കൾ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി ഉൽപ്പന്നങ്ങൾ എന്നിവയും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ വില്പന നടത്തുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ഉത്സവചന്തകൾ സംഘടിപ്പിച്ച് അവശ്യസാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അതിനായി 2018-19 വർഷത്തിൽ എത്ര തുക നീക്കിവച്ചു; വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2018-19 സാമ്പത്തിക വർഷം വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 100 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. |
| (സി) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | നിലവിലുള്ള വിപണി ഇടപെടൽ പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടും വിൽപ്പനശാലകൾ ഇല്ലാത്ത സ്ഥലങ്ങളിൽ കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളെ ആധുനീകരിച്ചും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ